ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

**No. LSGD/PD/2130/2023-VIGA2** തീയതി: **10-04-2025**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- തിരുവനന്തപുരം നഗസഭയിലെ ക്ലാർക്ക് ശ്രീ. കണ്ണൂരാനെതിരായുള്ള അച്ചടക്കനടപടി- താൽക്കാലികമായി ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന
1 തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 28.12.2020 തീയതിയിലെ GA7/35110/20 നമ്പർ കത്ത്
2 നഗരകാര്യ ഡയറക്ടറുടെ 23.03.2021 തീയതിയിലെ വി1/1048/2021 നമ്പർ കത്ത്
3 തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 21.03.2022 തീയതിയിലെ GA7/35110/20 നമ്പർ കത്ത്
4 പ്രിൻസിപ്പൽ ഡയറക്ടറുടെ 13.05.2023 തീയതിയിലെ LSGD/PD/2130/2023-VIGA2 നമ്പർ കത്ത്
5 തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 17.10.2023 തീയതിയിലെ GA7/35110/20 നമ്പർ കത്ത്
6 പ്രിൻസിപ്പൽ ഡയറക്ടറുടെ 30.11.2023 LSGD/PD/2130/2023-VIGA2 നമ്പർ കത്ത്
7 പ്രിൻസിപ്പൽ ഡയറക്ടറുടെ 28.12.2023 തീയതിയിലെ LSGD/PD/2130/2023-VIGA2 നമ്പർ കുറ്റാരോപണ മെമ്മോയും പത്രികയും
8 തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ 28.05.2024 തീയതിയിലെ 1296371/2024 നമ്പർ കത്ത്
9 പ്രിൻസിപ്പൽ ഡയറക്ടറുടെ 09.08.2024 തീയതിയിലെ LSGD/PD/2130/2023-VIGA2 നമ്പർ കത്ത്
10 പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024 തീയതിയിലെ LSGD/PD/2130/2023-VIGA2

നമ്പർ കത്ത്

11 പ്രിൻസിപ്പൽ ഡയറക്ടറുടെ **23.10.2024** തീയതിയിലെ **LSGD/PD/2130/2023-VIGA2** നമ്പർ ഉത്തരവ്

12 തിരുവനന്തപുരം ജില്ലാ ജോയിൻറ് ഡയറക്ടറുടെ **20.03.2025** തീയതിയിലെ **LSGD/JD/TVM/2130/2024-A2** നമ്പർ കത്ത്

തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന താങ്കൾ, ശ്രീ. കണ്ണൂരാൻ എ.ബി, മാസങ്ങളായി ഓഫീസിൽ ഹാജരാകാതിരിക്കുകയും, റവന്യൂ സംബന്ധമായ ഫയലുകൾ കൈമോശം വരുത്തുകയും നിരുത്തരവാദപരമായി അവ കൈകാര്യം ചെയ്തിട്ടുള്ളതിനാലും താങ്കളോട് നഗരസഭയിൽ നിന്നും വിശദീകരണം ആരാഞ്ഞിട്ടുള്ളതും, എന്നാൽ ആയതിന് താങ്കൾ മറുപടി ലഭ്യമാക്കാത്ത സാഹചര്യവുമായതിനാൽ താങ്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സൂചന(1) പ്രകാരം നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. താങ്കളുടെ അനധികൃത ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് നഗരസഭാതലത്തിൽ ആരംഭിച്ച അച്ചടക്കനടപടിയുടെ വിശദവിവരങ്ങൾ അറിയിക്കുവാനും അല്ലാത്തപക്ഷം നഗരസഭാതലത്തിൽ താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, താങ്കൾക്കെതിരെ നഗരസഭ, മെമ്മോ, ചാർജ് മെമ്മോ എന്നിവ നൽകിയിട്ടുള്ളതാണെന്നും, ചാർജ് മെമ്മോയ്ക്ക് താങ്കൾ മറുപടി സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ ഓഫീസിൽ ഹാജരായിട്ടില്ലായെന്നും, താങ്കളെ നേരിൽ കേൾക്കുന്നതിലേയ്ക്കായി അറിയിച്ചിരുന്നെങ്കിലും ഹാജരായിട്ടില്ലായെന്നും, ഇത്തരത്തിൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നത് താങ്കളുടെ ഭാഗത്തുനിന്നുള്ള ഗുരുതരവീഴ്ചയും അച്ചടക്ക ലംഘനവുമായതിനാൽ താങ്കൾക്കെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിക്കുന്നതിന് നഗരകാര്യ ഡയറക്ടറോട് ശിപാർശ ചെയ്തിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിക്കുന്നതിനായി താങ്കൾ കൈകാര്യം ചെയ്തിരുന്ന ഫയലുകളുടെ വിശദാംശങ്ങൾ, കൈമോശം വരുത്തിയ ഫയലുകളുടെ വിശദാംശങ്ങൾ, താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടി ആരംഭിച്ചതിന്റെ പകർപ്പ്, സേവനചരിത്രം എന്നിവ സഹിതമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂചന(4) പ്രകാരം നഗരസഭാ സെക്രട്ടറിക്ക് കത്ത് അയച്ചിരുന്നു. ആയതിൻപ്രകാരം, താങ്കൾക്കെതിരെ അച്ചടക്കനടപടി ആരംഭിച്ച ഫയലിന്റെ പകർപ്പും, സ.ഉ (എംഎസ്) നം. **230/2013**/തസ്വഭവ തീയതി **25.06.2023**, നഗരകാര്യ അഡീഷണൽ സെക്രട്ടറിയുടെ **15.10.2013** ലെ ജിഎ1-ജിഇ1-**888/12** എന്നീ ഉത്തരവുകൾ പ്രകാരമാണ് താങ്കളെ എൽഡിസി/ബിസി തസ്തികയിൽ ആശ്രിതനിയമനം മുഖേന തിരുവനന്തപുരം നഗരസഭയിൽ നിയമിച്ചിട്ടുള്ളതെന്നും, **15.05.2020** മുതൽ **12.06.2020** വരെ ആർജിതാവധിക്ക് അപേക്ഷിച്ചിരുന്നതായും, എന്നാൽ നാളിതുവരെ ഓഫീസിൽ ഹാജരായിട്ടില്ലായെന്നും സൂചന(5) പ്രകാരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ അനധികൃത ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിക്കുന്നതിലേയ്ക്കായി നഗരസഭ ആരംഭിച്ച

അച്ചടക്കനടപടി അവസാനിപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് സൂചന(6) പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിക്കുകയും, കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി താങ്കൾക്കെതിരെ സൂചന (7) പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിരുന്നു. താങ്കൾക്കെതിരെയുള്ള കുറ്റാരോപണങ്ങൾ ചുവടെ ചേർക്കുന്നു.

*തിരുവനന്തപുരം നഗരസഭയിലെ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കണ്ണൂരാൻ എ.ബി. എന്ന താങ്കൾക്ക് എതിരെയുള്ള കുറ്റാരോപണങ്ങൾ.*

*1. തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന താങ്കൾ **15/05/2020** മുതൽ **12/06/2020** വരെ ആർജ്ജിതാവധിയിൽ ആയിരുന്നെങ്കിലും അവധി കഴിഞ്ഞ് താങ്കൾ ജോലിക്ക് ഹാജരായിട്ടില്ലാത്തതാണ്. താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ മേൽ പ്രവൃത്തി കൃത്യവിലോപവും അച്ചടക്കലംഘനവുമായി കണ്ട് താങ്കൾക്ക് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി **22/06/2020** **GA7/36168/2020** നമ്പർ പ്രകാരം മെമ്മോ നൽകുകയുണ്ടായി. പ്രസ്തുത മെമ്മോക്ക് താങ്കൾ മറുപടി ലഭ്യമാക്കാത്തതിനും **15/05/2020** മുതൽ **12/06/2020** വരെ ആർജ്ജിതാവധിയിൽ ആയിരുന്ന താങ്കൾ അവധി കഴിഞ്ഞ് നാളിതുവരെ ജോലിക്ക് ഹാജരായിട്ടില്ലാത്തതിനും താങ്കൾക്കെതിരെ **2011** ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ **24/11/2020** തീയതിയിലെ **GA7/36168/2020** നമ്പർ പ്രകാരം ചാർജ് മെമ്മോ നൽകുകയുണ്ടായി. പ്രസ്തുത ചാർജ്ജ് മെമ്മോയ്ക്ക് താങ്കൾ **20/01/21**-ൽ മറുപടി നൽകിയിട്ടുണ്ടെങ്കിലും തുടർന്നും ഓഫീസിൽ ഹാജരായിട്ടില്ലാത്തതാണെന്നും താങ്കൾക്ക് എതിരെയുള്ള അച്ചടക്കനടപടികളുടെ ഭാഗമായി താങ്കളെ നേരിൽ കേൾക്കുന്നതിന് നഗരസഭയിൽ നിന്ന് അറിയിച്ചെങ്കിലും താങ്കൾ ഹാജരായില്ലായെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി **21/03/2022** തീയതിയിലെ **GA7/35110/2020** നമ്പർ കത്ത്, തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ **17/10/2023** തീയതിയിലെ **GA7/35110/2020** നമ്പർ കത്ത് എന്നിവ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. താങ്കൾ, തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവെ, സ്ഥാപന മേധാവി മുൻപാകെ അവധി അപേക്ഷ നൽകി മുൻകൂട്ടിയുള്ള അവധി അനുമതി ഉത്തരവ് വാങ്ങാതെ അനധികൃതഹാജരില്ലായ്മയിൽ തുടരുന്നത് താങ്കളുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ ചട്ട ലംഘനവും, അച്ചടക്ക ലംഘനവും, കൃത്യവിലോപവുമാണ്.*

*2. കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 65 ൽ അവധി, ഒരവകാശമായി അവകാശപ്പെടാവുന്നതല്ലായെന്നിരിക്കെ താങ്കൾ സ്ഥാപന മേധാവിയിൽ നിന്നും മുൻകുട്ടിയുള്ള അവധി അനുമതി ഉത്തരവ് നേടാതെ, അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് ചട്ടലംഘനവും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും തെളിവായി വിലയിരുത്തുന്നു.*

*3. മുൻകൂർ അവധി അപേക്ഷ നൽകാതെ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച താങ്കളുടെ പ്രവൃത്തി മൂലം സേവനങ്ങൾക്കായി ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ട് ഉണ്ടാകുകയും നഗരസഭയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായും കാണുന്നു.*

*ഇപ്രകാരം നഗരസഭ സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങാതെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ നിന്ന് വിട്ടുനിന്ന് കേരള സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ഗുരുതരമായ വീഴ്ച്ചയ്ക്കും, അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും, ചട്ട ലംഘനത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്നു കണ്ട് താങ്കൾക്ക് ഈ കുറ്റപത്രം നൽകുന്നു.*

മേൽ കുറ്റാരോപണ മെമ്മോ, താങ്കൾക്ക് നൽകുന്നതിനായി നഗരസഭയിൽ നിന്നും താങ്കളുടെ സേവനപുസ്തകത്തിലുള്ള മേൽവിലാസത്തിൽ അയച്ചുനൽകിയെങ്കിലും ആയത് കൈപ്പറ്റാതെ മടങ്ങിവന്നിട്ടുള്ളതിനാൽ കൈപ്പറ്റ് പകർപ്പ്, എതിർവാദപത്രിക എന്നിവ ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യമണുള്ളതെന്ന് സൂചന(8) പ്രകാരം അറിയിച്ചിരുന്നു. കുറ്റാരോപണ മെമ്മോ കൈപ്പറ്റാത്തതിനാൽ അപ്പൻഡിക്സ് H4 നോട്ടീസും, വിൻഡോ മാതൃകയിൽ തയ്യാറാക്കിയ അപ്പൻഡിക്സ് H5 നോട്ടീസും ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് മാതൃഭൂമി, സുപ്രഭാതം എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധികരിച്ചിരുന്നു. ആയതിന് ശേഷവും താങ്കൾ കുറ്റാരോപണ മെമ്മോ കൈപ്പറ്റിയതായുള്ള കൈപ്പറ്റ് പകർപ്പോ, എതിർവാദപത്രികയോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിക്ക് ആധാരമായ സംഗതിയിൽ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം അനിവാര്യമാണെന്ന് കണ്ട്, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 12(a) പ്രകാരം Ex-parte proceedings ആയി ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജ്യോതിസ് വി യെ സൂചന(11) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (12) പ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ, താങ്കൾ 15.05.2020 മുതൽ 12.06.2020 വരെ ആർജിതാവധിയിൽ ആയിരുന്നുവെന്നും, അവധി കഴിഞ്ഞും ഓഫീസിൽ ഹാജരായിട്ടില്ലാത്തതാണെന്നും, നേരിൽ കേൾക്കുന്നതിനായി കത്ത് നൽകിയിരുന്നുവെങ്കിലും, ആയതിന് ഹാജരായിട്ടില്ലാത്തതാണെന്നും, താങ്കൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ താങ്കൾ കുറ്റക്കാരനാണെന്ന് കാണുന്നതിനാൽ മാതൃകാപരമായ ശിക്ഷ നൽകാവുന്നതാണെന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരുന്നു.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ നിന്നും തിരുവനന്തപുരം കോർപ്പറേഷനിലെ ക്ലാർക്കായിരുന്ന താങ്കൾ, നഗരസഭാ സെക്രട്ടറിയിൽ നിന്നും മുൻകൂട്ടിയുള്ള അവധി അനുമതി ഉത്തരവ് നേടാതെ, ഔദ്യോഗിക കൃത്യനിർവഹണത്തിൽ നിന്ന് വിട്ടുനിന്ന് കേരള സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ഗുരുതരമായ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും, ചട്ട ലംഘനത്തിനും, സർവ്വീസ്

ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്നും, മുൻകൂർ അവധി അപേക്ഷ നൽകാതെ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച താങ്കളുടെ പ്രവൃത്തി മൂലം സേവനങ്ങൾക്കായി ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ട് ഉണ്ടാകുകയും നഗരസഭയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായും ബോധ്യപ്പെടുന്നു. അച്ചടക്കനടപടിയുടെ ഭാഗമായി പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോക്ക് മറുപടിയായി താങ്കളുടെ വാദങ്ങൾ ബോധിപ്പിക്കുവാൻ തയ്യാറാകാത്തത് താങ്കൾക്ക് സർക്കാർ സേവനത്തിൽ തുടരാൻ താല്പര്യമില്ലാത്തതിന് തെളിവായി കാണുന്നു. മേൽ സാഹചര്യത്തിൽ, 1960 ലെ ***കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 11(1)(vii) പ്രകാരം താങ്കളെ 13.06.2020 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removal from Service) താങ്കൾക്കെതിരെ സൂചന (7) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്*** താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക കാരണങ്ങളെന്തെങ്കിലും താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ താങ്കൾ മറുപടി സമർപ്പിക്കാത്ത പക്ഷം ഇതിൻമേൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നിലവിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണെന്നുള്ള വിവരം അറിയിക്കുന്നു. നേരിൽ കാര്യങ്ങൾ ബോധിപ്പിക്കണമെങ്കിൽ ആയതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

ശ്രീ.കണ്ണൂരാൻ എ. ബി.
ക്ലാർക്ക്
തിരുവനന്തപുരം നഗരസഭ
(ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം മുഖേന)

പകർപ്പ്
1. ജില്ലാ ജോയിൻറ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (അസൽ ടിയാന് നൽകി ഒപ്പും തീയതിയും രേഖപ്പെടുത്തിയ കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി)
2. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
3. സിസ്റ്റം മാനേജർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
4. സൂപ്രണ്ട്, ഡി.ഇ.സി സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Ajith S**
**Date: 11-04-2025 11:35:20**

സീനിയർ സൂപ്രണ്ട്